പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5123 27/06/2019-ൽ മറുപടിക്ക്

## ഹൃദ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ | ഹൃദയ വൈകല്യമുള്ള നവജാത ശിശുക്കൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ഹൃദ്യം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | എ | കുട്ടികളിലുള്ള ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ആവിഷ് കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. |
| ബി | ഹൃദ്യം പദ്ധതിയിലൂടെ ചികിത്സ ലഭിക്കുന്നതിന് ശിശുവിന്റെ രക്ഷിതാക്കളും ആശുപത്രി അധികൃതരും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കുമോ? | ബി | സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന കുട്ടികളെ Comprehensive New Born Screening -ൽ ഹൃദയ തകരാറുകൾ കണ്ടെത്തി കഴിഞ്ഞാൽ ആശുപത്രിയിലെ ശിശുരോഗവിദഗ്ദ്ധന്റെ നിർദ്ദേശപ്രകാരം ECHO Report കൾ എടുത്ത് കുട്ടികളുടെ രക്ഷിതാക്കൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളും വരുത്താതെ ആശുപത്രി അധികൃതർ തന്നെ കുട്ടികളെ (hridyam.in ) ഹൃദ്യത്തിൽ രജിസ്റ്റർ ചെയ്യുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളിൽ |

| | | | |
|---|---|---|---|
| | | | ജനിക്കുന്ന കുട്ടികളിൽ ഹൃദയ വൈകല്യം കണ്ടെത്തി കഴിഞ്ഞാൽ ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടുന്നതിനായി hridyam.in എന്ന വെബ് സൈറ്റിൽ ആവശ്യമായ വിവരണങ്ങളും, ECHO Report ചേർത്ത് കുട്ടിയുടെ മാതാപിതാക്കൾക്കു തന്നെ 'ഹൃദ്യ'ത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ശേഷം register ചെയ്ത കുട്ടികൾക്ക് അതാത് ജില്ലയിലെ DEIC (District Early Intervention Centre) മാനേജർ മുഖേന തുടർ ചികിത്സകൾക്കായി നടപടികൾ ആരംഭിക്കുന്നു. |

സെക്ഷൻ ഓഫീസർ